# പ്ലാച്ചിമട – മുഖ്യധാര രാഷ്ട്രീയത്തിന്റെ അജണ്ടയാവണം

സി.ആർ. നീലകണ്ഠൻ

**ഹിന്ദുസ്ഥാൻ** കൊക്കകോള ബിവറേജസ് ലിമിറ്റഡ് എന്ന കമ്പനി 2000 ൽ പ്ലാച്ചിമട ഗ്രാമത്തിൽ സ്ഥാപിച്ച് വൻതോതിൽ ഭൂഗർഭജലം ഉപയോഗിക്കുകയും കമ്പനിയുടെ മാലിന്യങ്ങൾ വളമെന്ന പേരിൽ കർഷകർക്കു നൽകുകയും ചെയ്തതിന്റെ ഫലമായി ആ പ്രദേശത്തെ ജലം മലിനമായി. കമ്പനിക്കു ചുറ്റും താമസിക്കുന്ന ആദിവാസി കുടുംബങ്ങളുടെ കിണറുകളിലെ വെള്ളം കുടിക്കാനോ കുളിക്കാനോ കഴിയാത്ത വിധം മലിനമായി. ഇതിനെതിരെ അവർ നടത്തിയ സമരമാണ് പ്ലാച്ചിമടയിലെ പ്രശ്നങ്ങൾ സമൂഹത്തിനു മുന്നിലെത്തിച്ചത്. കഴിഞ്ഞ ആയിരത്തോളം ദിവസമായി അവർ ആ സമരം തുടരുന്നു. ആദ്യത്തെ ഒരു വർഷക്കാലം ഈ സമരത്തിന് കാര്യമായ ജനപിന്തുണയുണ്ടായിരുന്നില്ല. കാരണം മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾ ഈ സമരത്തെ പിന്തുണക്കാൻ തയ്യാറായിരുന്നില്ല. എന്നാൽ ഇതു കേവലം കുറച്ചു പേരുടെ കുടിവെള്ളം മലിനമാകുന്ന ഒരു പ്രശ്നമെന്നതിനപ്പുറം ഒരു ബഹുരാഷ്ട്രക്കുത്തക നമ്മുടെ വിഭവങ്ങൾക്കുമേൽ നടത്തുന്ന അധിനിവേശമാണ് എന്ന രാഷ്ട്രീയം ഉയർന്നുവന്നപ്പോഴാണ്, ഇടതുപക്ഷ കക്ഷികൾക്ക് ഈ സമരത്തെ പിന്താങ്ങേണ്ടിവന്നത്. അവർ പരസ്യമായി, ആഗോളവൽക്കരണത്തിന്റെ അധിനിവേശത്തെ ചെറുക്കുന്നുവെന്നവകാശപ്പെടുന്നുണ്ടല്ലോ. ഈ സമരത്തെ പിന്താങ്ങിയപ്പോൾ പലരും ഇതുപോലെ വ്യത്യസ്ത കാരണങ്ങൾകൊണ്ട് അതിനു തയ്യാറായവരാണ് എന്നർത്ഥം. പഞ്ചായത്തിന് പ്രാദേശിക വിഭവങ്ങൾക്കുമേൽ അധികാരമുണ്ട് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് ഈ പ്രശ്നത്തിൽ ഇടപെട്ടത്. അമേരിക്കൻ സാമ്രാജ്യത്വം ഇറാക്കിൽ നടത്തിയ അധിനിവേശത്തിനെതിരെയുള്ള സമരമെന്ന നിലയിലും കോളകളിൽ വിഷാംശമുണ്ട് എന്ന വെളിപ്പെടുത്തലിന്റെ ഫലമായും ഈ സമരത്തെ പിന്താങ്ങിയവരുണ്ട്. അതുകൊണ്ടുതന്നെ ഏകീകൃതരൂപത്തിലുള്ള സമരങ്ങൾ ഉയർന്നുവന്നില്ല.



ചിത്രീകരണം : അജിലാൽ

കോളക്കമ്പനി അടച്ചു പൂട്ടിയതോടെ ഇതിൽ പലരുടെ സമരങ്ങളും അപ്രസക്തമായി. ആ കമ്പനി ഇനി തുറക്കുന്നില്ലായെങ്കിൽ, ആഗോള മൂലധനത്തിന്റെ വിഭവ ചൂഷണത്തിനെതിരായ സമരമെന്ന ഇടതുപക്ഷ അജണ്ട പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞു. കോളകളിൽ വിഷാംശമില്ലെന്നു ബോദ്ധ്യപ്പെടുത്തണമെന്ന ജെപിസി തീരുമാനവും രാജസ്ഥാൻ ഹൈക്കോടതി വിധിയും നടപ്പിലായാൽ ആ ലക്ഷ്യം വച്ചു നടത്തിയ സമരവും വിജയിച്ചതായി കണക്കാക്കാം. ജനങ്ങൾ വലിയ തോതിൽ കോളകൾ ബഹിഷ്കരിച്ചതോടെ സാമ്രാജ്യത്വ വിരുദ്ധ സമരവും വിജയിച്ചു. ഇനി അവശേഷിക്കുന്ന പ്രശ്നം, ഏറ്റവും പ്രാഥമികമായതുമാത്രം. തദ്ദേശവാസികൾക്ക് ശുദ്ധജലം ഇപ്പോഴും കിട്ടുന്നില്ല. ഗ്രാമപഞ്ചായത്ത് ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തെയാണവർ ആശ്രയിക്കുന്നത്. കുടിവെള്ളം നഷ്ടപ്പെട്ടവർക്കെല്ലാം കോളക്കമ്പനി പൈപ്പിലൂടെ ശുദ്ധജലം നൽകണമെന്നുള്ള സുപ്രീം കോടതി മോണിറ്ററിങ്ങ് സമിതിയുടെ ഉത്തരവ് കമ്പനി നടപ്പാക്കാൻ തയ്യാറായിട്ടില്ല. വാദത്തിനുവേണ്ടി ആ ഉത്തരവ് നടപ്പിലാക്കിയാൽത്തന്നെ, ആ നിമിഷം കോളക്കമ്പനി പ്രവർത്തനമാരംഭിക്കുകയും ചെയ്യും. അങ്ങനെ സംഭവിച്ചാൽ, ആഗോള മൂലധനം, അവിടത്തെ ഭൂഗർഭജലചൂഷണം തുടരും.

ഇടതുപക്ഷത്തിന്റെ അജണ്ട വീണ്ടും പ്രസക്തമാകും. പക്ഷെ ഇവർക്ക് ഈ സമരം മുന്നോട്ടുകൊണ്ടു പോകാനാകില്ല. കുടിവെള്ളം നഷ്ടപ്പെട്ടതിന്റെ പേരിൽ സമരം തുടങ്ങിയ ആദിവാസികളുടെ പിന്തുണയില്ലാതെ കോളക്കമ്പനി പൂട്ടിക്കാനാവില്ല. ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് കഞ്ചിക്കോട്ട് ഇപ്പോഴും പ്രവർത്തിക്കുന്ന പെപ്സി കമ്പനി. കോളപോലെത്തന്നെയുള്ള ഒരു ബഹുരാഷ്ട്ര കമ്പനിയാണതും. അവിടത്തെ പഞ്ചായത്ത് ഭരിക്കുന്നത് കമ്യൂണിസ്റ്റ് പാർട്ടിയാണ്. അത് ഒരു വ്യവസായ മേഖലയിലാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ അവർ നടത്തുന്ന ജലശോഷണത്തിന്റെ നേരിട്ടുള്ള ഇരകൾ സമരത്തിനെത്തുന്നില്ല. സാമ്രാജ്യത്വവിരുദ്ധ രാഷ്ട്രീയമാണ് പ്ലാച്ചിമട സമരത്തിന്റെ പ്രാഥമിക ഊർജ്ജസ്രോതസ്സെങ്കിൽ, ഇടതുപക്ഷമാണ് അതിന്റെ വക്താക്കളെങ്കിൽ പെപ്സിക്കെതിരെയും ഇതേപോലുള്ള സമരം ഉയർന്നുവരേണ്ടതായിരുന്നല്ലോ. ആഗോളവൽക്കരണ - മൂലധനാധിനിവേശത്തിനെതിരെയുള്ള പുതിയ സമരവും അതിന്റെ രാഷ്ട്രീയവുമാണ് പ്ലാച്ചിമടയെന്നതിനാൽ അതുമായി പൊരുത്തപ്പെടാൻ നിലവിലുള്ള രാഷ്ട്രീയകക്ഷികൾക്കുമാത്രമല്ല, മുഖ്യധാരയിലില്ലാത്ത സാമൂഹ്യ-പരിസ്ഥിതി സംഘടനകൾക്കുപോലും വേണ്ടത്ര കഴിയുന്നില്ല.

പ്ലാച്ചിമടയിലെ യഥാർത്ഥ പ്രശ്നം -

# പ്ലാച്ചിമടയുടെ ആഗോളവിജയം: ഞങ്ങൾ കണ്ടതും കേട്ടതും

അന്നയും കരോലിന സീമൺസും

*കേരളീയത്തിനയച്ച ഇ-മെയിലിൽ നിന്ന്*

**കൊക്കകോളയ്ക്കെതിരെ** പ്ലാച്ചിമടയിൽ നടന്നുകൊണ്ടിരിക്കുന്ന ഈ സമരം, കോളയെ ജീവിതത്തിന്റെ ഭാഗമായിട്ടംഗീകരിച്ചാഘോഷിയ്ക്കുന്ന ഞങ്ങളുടെ സമൂഹത്തിന്റെ ഉപഭോഗപരതയ്ക്കും ഒരു താക്കീതാണ്. ഈ സന്ദർഭത്താൽ ഞങ്ങൾക്ക് ബോധ്യംവന്നതാണ്. കോളകമ്പനി ഇന്നാട്ടിലെ പ്രകൃതിയെയും മനഷ്യരെയും ചൂഷണം ചെയ്ത് പണമുണ്ടാക്കുന്നത് എങ്ങനെ എന്നത്. അതുകൊണ്ടുതന്നെ കമ്പനിക്ക് ആഗോളതലത്തിലുള്ള മിന്നുന്ന പ്രതിച്ഛായ തകർക്കേണ്ടതിന്റെ ആവശ്യകതയും നമുക്കനുഭവപ്പെടുന്നു.

പ്ലാച്ചിമടയിലെ ജനങ്ങളുടെ വിജയം, അത് ഞങ്ങളെ അത്ഭുതപ്പെടുത്തുന്നു. മാതൃകാപരമാണത്, അനീതിയ്ക്കെതിരെയുള്ള യുദ്ധം, ഇതു നമ്മെക്കൊണ്ടെത്തിക്കുന്നത് 'കോർപറേറ്റ് ആഗോളവത്കരണത്തിന്റെ ദോഷവശങ്ങളെക്കുറിച്ചുള്ള ചിന്തയിലേക്കാണ്. അതായത് വിഭവങ്ങൾ ആരുടെ കൈവശമായിരിയ്ക്കണം എന്ന പഴയ ചോദ്യം കമ്പനികളുടേയോ അതോ ജനങ്ങളുടെയോ ?

ഇന്ത്യയൊട്ടുക്കും കൊക്കകോള സമരത്തിന്റെ അലയൊലികൾ എത്തിയിട്ടുണ്ട്. ജനപിന്തുണ തന്നെയാണിതിന്റെ ശക്തി.

ഈ സമരത്തിന്റെ മറ്റൊരു നേട്ടം എന്നത് ഇതിന് മറ്റു പ്രാദേശിക സമരങ്ങളുമായി കണ്ണിചേർന്ന് ആഗോളവത്കരണത്തിനെതിരെ അണിചേരാനും ലോക സോഷ്യൽ ഫോറത്തിൽ പങ്കെടുക്കുവാനും സാധിച്ചു എന്നതാണ്. ഇത് പ്ലാച്ചിമടയെ സംബന്ധിച്ചും വളരെ നിർണ്ണായകമാണ്. എന്തെന്നാൽ അവിടത്തെ ചൂഷിതർ തങ്ങളുടെ നിലനിൽപ്പിനുവേണ്ടി സമരം ചെയ്യുന്നത് ആഗോള കമ്പനികളോടാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ സന്ദർശനം പ്ലാച്ചിമടയിലെ സുഹൃത്തുക്കളോടുള്ള ഒരോർമ്മപ്പെടുത്തലാണ്. അകലെയാണെങ്കിലും നമ്മൾ ഒരുമിച്ചാണെന്ന്.

ഇത് ഒരു വലിയ വെല്ലുവിളിതന്നെയാണ്. നീതിയുക്തമായ ഒരു സമൂഹത്തിന്റെ നിലനിൽപ്പാഗ്രഹിക്കുന്നവർക്ക്, ആഗോള കമ്പനികളുടെയും ലോകബാങ്കിന്റെയും അജണ്ടകളെയെതിർത്ത് മനുഷ്യരെയും പ്രകൃതിയെയും ചൂഷണം ചെയ്യാത്ത, സ്വന്തം വികസന മാതൃകകൾ സ്വപ്നം കാണുന്നവർക്ക്.

*അന്നയും കരോലിനയും ഡെൻമാർക്കിൽ സാമൂഹ്യ പ്രവർത്തകരാണ് ഈയിടെ പ്ലാച്ചിമട സന്ദർശിച്ചിരുന്നു*

*തർജ്ജമ : ശ്രീജ കെ.എം.*

---

തദ്ദേശീയർക്ക് ശുദ്ധജലം നഷ്ടപ്പെട്ടുവെന്നത് പരിഹരിക്കപ്പെടാതെയിരിക്കുന്നത് മുമ്പു പറഞ്ഞ കാരണങ്ങൾ കൊണ്ടാണ്. ഇത് സമരത്തിന്റെ സ്വഭാവമാണ്, ഇന്നത്തെ സാമൂഹ്യ-രാഷ്ട്രീയാവസ്ഥയിൽ പരിമിതിയാണ്. എന്നാൽ പുതിയ സമരരൂപങ്ങൾക്കും രാഷ്ട്രീയത്തിനും ദിശാബോധം നൽകുന്നുവെന്ന രീതിയിൽ ഇതു ശക്തിയുമാണ്. ഇതിന്റെ പരിമിതികളെ അതിജീവിക്കണമെങ്കിൽ, ഈ ശരിയായ രാഷ്ട്രീയം മുഖ്യധാരാ രാഷ്ട്രീയത്തിന്റെ അജണ്ടയായി മാറണം. ഭരണകൂടത്തിന്റെ നിയന്ത്രണം ഇന്നും അവർക്കുതന്നെയാണല്ലോ. തീരുമാനങ്ങൾ എടുക്കാനുള്ള അധികാരമുള്ളവർ അതിനു പ്രേരിപ്പിക്കപ്പെടണം. അതിനായുള്ള സമരരീതികളാണിനി ഉണ്ടാകേണ്ടത്. ഇതിന് നിയമത്തിന്റെ വഴി വളരെക്കുറച്ചു മാത്രമേ സഹായകമാകുകയുള്ളൂ. ഭരണകൂടവുമായും മുഖ്യധാരാ രാഷ്ട്രീയവുമായും സമരവും



സംവാദവും നടത്താനുള്ള ശേഷി സമരപ്രസ്ഥാനങ്ങൾ നേടുകയെന്നതാണ് പ്രധാനം.

ഇതുനേടുന്നതനുസരിച്ചായിരിക്കും സമരത്തിന്റെ ഭാവി. ഇന്നത്തെ നിലയിൽ ഇതല്ലാതെ മറ്റൊരുവഴിയുമില്ല. സമരത്തിലേർപ്പെട്ടിരിക്കുന്നവരും അതിനോട് ഐക്യദാർഢ്യമുള്ളവരും ഇതിനായി ശ്രമിക്കുകയെന്നതാണ് ഇന്നത്തെ അനിവാര്യത. കോടതിയടക്കമുള്ള അധികാര കേന്ദ്രങ്ങളുമായി അർത്ഥപൂർണ്ണമായ സംവാദത്തിന് ഇന്നുള്ള പ്രസ്ഥാനങ്ങൾ ഒട്ടേറെ മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ട്. പ്ലാച്ചിമടയിലെ കേന്ദ്രപ്രശ്നം പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിച്ച് തെളിയിച്ചെടുക്കുന്നതിന് ഇപ്പോഴും കഴഞ്ഞിട്ടില്ലെന്ന നിരീക്ഷണം അംഗീകരിക്കണം. ആ പരിമിതി മറികടക്കണം. ജീവജലം നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം ലഭിക്കണം. ഇതിനായിട്ടുള്ള സമരത്തിന് ഊന്നൽ നൽകണം.